# ഹെഡ്മാസ്റ്റർമാർക്ക് എന്തിനൊരു പ്രത്യേക സംഘടന

**ടി.കെ**
(ടി.കുഞ്ഞിരാമൻ മാസ്റ്റർ)
മുൻ ജന. സെക്രട്ടറി

അംഗസംഖ്യ കൊണ്ട് ഏറെ മുന്നിൽ നിൽകുന്ന ചില അദ്ധ്യാപക സംഘടനകളുടെ നേതാക്കൾ പലപ്പോഴും ചോദിക്കുന്ന ചോദ്യമാണ്, ഹെഡ്മാസ്റ്റർമാർക്ക് എന്തിന് ഒരു പ്രത്യേക സംഘടന ? എന്ന്. ഈ ചോദ്യത്തിനുത്തരം നൽകുമ്പോൾ അവ പൂർണ്ണമാകണമെങ്കിൽ കെ.പി.പി.എച്ച്.എ എന്ന അദ്ധ്യാപക സംഘടന ജന്മം കൊള്ളാനുണ്ടായ പശ്ചാത്തലം മുതൽ ആരംഭിക്കേണ്ടിയിരിക്കുന്നു.

**1966 ഒക്ടോബർ 16**

കേരളത്തിലെ സർക്കാർ ജീവനക്കാരുടേയും അദ്ധ്യാപകരുടേയും മറ്റും ശമ്പളം പരിഷ്ക്കരിക്കുന്ന കാര്യത്തിനായി നിയമിക്കപ്പെട്ട ശ്രീ ഉണ്ണിത്താൻ കമ്മീഷൻ പ്രൈമറി സ്കൂൾ ഹെഡ്മാസ്റ്റർമാർക്ക് ഒരു പ്രത്യേക ശമ്പള സ്കെയിൽ (125 – 175) നൽകാൻ തീരുമാനിച്ചിരുന്നു. പ്രസിദ്ധീകരിക്കപ്പെട്ട റിപ്പോർട്ടിലെ ഈ ശമ്പള സ്കെയിൽ കണ്ട് ഹെഡ്മാസ്റ്റർമാർ ആഹ്ലാദിച്ചു. ചില ഹെഡ്മാസ്റ്റർമാർ സഹാദ്ധ്യപകർക്ക് മധുര പലഹാരങ്ങൾ നൽകി സന്തോഷം പ്രകടിപ്പിച്ചു. ഏറെക്കാലം സഹാദ്ധ്യാപകരുടെ ശമ്പള സ്കെയിൽ വാങ്ങി വന്ന ഹെഡ്മാസ്റ്റർമാർക്ക് – ഒരു ഉയർന്ന ഗ്രേഡ് – പ്രത്യേക സ്കെയിൽ ലഭിച്ചു എന്നത് നിസ്സാരകാര്യമായിരുന്നില്ല.

എന്നാൽ അന്നത്തെ സംഘടനാ നേതാക്കന്മാർ കമ്മീഷനുമായി ചർച്ചക്ക് പോവുകയും ചർച്ചയിൽ ഹെഡ്മാസ്റ്റർമാർക്ക് അനുവദിച്ച പ്രത്യേക സ്കെയിൽ ത്യജിച്ച് പകരം സഹാദ്ധ്യാപകർക്ക് ഹയർ ഗ്രേഡിന് വ്യവസ്ഥ നേടിയെടുക്കുകയും ചെയ്തു. സഹാദ്ധ്യാപകർക്ക് ഗ്രേഡ് നേടിയെടുത്തതിൽ ഒരു പരാതിയും ആർക്കുമില്ലായിരുന്നു. പക്ഷെ അംഗീകരിക്കപ്പെട്ട ഒരു ആനുകൂല്യം അടിയറവെച്ച് പകരം മറ്റൊന്ന് വാങ്ങുന്ന സമ്പ്രദായം മുമ്പുണ്ടായിട്ടില്ല. ഈ ഹീനമായ നടപടി ഹെഡ്മാസ്റ്റർമാരിൽ രോഷം ഉളവാക്കി. ഹെഡ്മാസ്റ്റർമാർക്കൊരു പ്രത്യേക സംഘടന ഉണ്ടായേ മതിയാവൂ എന്ന് പലർക്കും ബോദ്ധ്യമായി. അങ്ങിനെ തൃശ്ശൂരിൽ **ശ്രീ. പി.എ റാഫേൽ മാസ്റ്ററുടെ** നേതൃത്വത്തിൽ **1966 ഒക്ടോബർ 16-ാം തിയ്യതി കേരള പ്രൈവറ്റ് പ്രൈമറി ഹെഡ്മാസ്റ്റേഴ്സ് അസോസിയേഷൻ** ജന്മം കൊണ്ടു. ഹെഡ്മാസ്റ്റർമാരെ സംബന്ധിച്ചിടത്തോളം അഭിമാനത്തോടെയും ആഹ്ലാദത്തോടെയും സ്മരിക്കപ്പെടേണ്ട ഒരു മഹത്തായ സുദിനമാണിത്.

**സംഘടനയ്ക്ക് അംഗീകാരം**

തൃശ്ശൂരിൽ നിന്ന് വടക്കോട്ടും തെക്കോട്ടും പടർന്ന് പന്തലിക്കാൻ തുടങ്ങിയ നമ്മുടെ അസോസിയേഷൻ 1972ൽ സർക്കാറിന്റെ അംഗീകാരം നേടിയെടുത്തു. ഇത് നമ്മുടെ നേട്ടങ്ങളുടെ പട്ടികയിൽ ആദ്യത്തേതാണ്. ആളും കോപ്പുമില്ലാത്ത കടലാസ്സ് സംഘടനയെന്ന് പുച്ഛിച്ച് തള്ളിയവർക്ക് ഈ അംഗീകാരം ഒട്ടും രസിച്ചില്ലെന്ന് പറയേണ്ടിയിരിക്കുന്നു.

**പ്രത്യേക ശമ്പള സ്കെയിൽ**

പലവിധ എതിർപ്പുകളേയും നേരിട്ടുകൊണ്ട് ശ്രമകരമായ അധ്വാനത്തിന്റെ ഫലമായി 1-6-1973ന്റെ പ്രാബല്യത്തോടെ 175-315 എന്ന പ്രത്യേക ശമ്പളസ്കെയിൽ നേടിയെടുത്തു. ഈ നേട്ടം ഹെഡ്മാസ്റ്റർമാരിൽ ആഹ്ലാദത്തിന്റെ അലമാലകൾ ഉയർത്തുക തന്നെ ചെയ്തു. കാരണം 1-7-73 ആയിരുന്നു 1973ലെ ശമ്പള പരിഷ്കരണത്തിന്റെ പ്രാബല്യ തിയ്യതി. ഈ പ്രാബല്യ തിയ്യതിക്ക് ഒരു മാസം മുമ്പ് മാത്രമായി ഒരു പ്രത്യേക വിഭാഗത്തിന് ഒരു പ്രത്യേക ശമ്പള സ്കെയിൽ നേടാൻ കഴിഞ്ഞു എന്നത് മറ്റ് അദ്ധ്യാപക സംഘടന നേതാക്കളെ അസൂയാലുക്കളാക്കി മാറ്റി. 1-6-1973ൽ പുതിയ ഹെഡമാസ്റ്റർ സ്കെയിലായ 175-315ൽ പ്രമോഷൻ ഫിക്സേഷൻ വാങ്ങി തുടർന്ന് തൊട്ടടുത്ത മാസം 1-7-1973ന് പരിഷ്ക്കരിച്ച സെകെയിലായ 330-575ലും ഫിക്സേഷൻ ലഭിച്ചു ! ഈ നേട്ടം മറ്റൊരു വിഭാഗത്തിനും നേടാൻ കഴിഞ്ഞില്ല എന്നത് പ്രത്യേകം പ്രസ്താവ്യമാണ്. 1966ൽ നഷ്ടപ്പെട്ട ഹെഡ്മാസ്റ്റർ സ്കെയിൽ തിരിച്ചു പിടിച്ചുള്ള മുന്നോട്ടുള്ള യാത്ര നാം തുടർന്നു. ഹെഡ്മാസ്റ്റർമാർക്കൊരു പ്രത്യേക സംഘടന ഇല്ലായിരുന്നെങ്കിൽ ?..........

**1978ലെ ശമ്പള പരിഷ്ക്കരണം – അനോമലി**

1978ലെ ശമ്പള പരിഷ്ക്കരണത്തിൽ സഹാദ്ധ്യാപകർക്ക് 1-7-1978 മുതൽ സീനിയർ ഗ്രേഡ് ലഭിച്ചു. അതോടെ സീനിയർ ഗ്രേഡ് ലഭിക്കാതെ ഹെഡ്മാസ്റ്റർമാരായി പ്രമോട്ട് ചെയ്യപ്പെട്ടവർക്ക് സീനയർ ഗ്രേഡ് ലഭിച്ച സഹാദ്ധ്യാപകനേക്കാൾ ശമ്പളത്തിൽ ഒരു രൂപ കുറവ് സംഭവിച്ചു. എന്നാൽ കെ.പി.പി.എച്ച്. എയുടെ കഴിവുറ്റ നേതാക്കളുടെ സമർത്ഥമായ കരുനീക്കങ്ങളിലൂടെ ശമ്പളത്തിൽ അസമത്വം വന്നവർക്ക് രണ്ട് ഇൻക്രിമെന്റിന്റെ വർദ്ധനവ് നേടിയെടുത്തുകൊണ്ട് പ്രശ്നം പരിഹരിച്ചെടുക്കാൻ സാധിച്ചു. നിരവധി പേർ ആയിരക്കണക്കിന് രൂപ അരിയർ ശമ്പളമായി വാങ്ങി. ഇങ്ങിനെ കൈനിറയെ അരിയർ വാങ്ങിയ ഹെഡ്മാസ്റ്റർമാർ സ്വമേധയാ സന്തോഷപൂർവ്വം കെട്ടിട ഫണ്ടിലേക്ക് സംഭാവന നൽകുകയുണ്ടായി. അതാണ് നമ്മുടെ തിരുവനന്തപുരത്തുള്ള ഓഫീസ് കെട്ടിടത്തിന്റെ മൂലധനം. ഈ കൊച്ചു സംഘടനയ്ക്ക് തലസ്ഥാന നഗരിയിൽ സ്വന്തമായ ഒരു ഓഫീസ് കെട്ടിടം - മുൻകാല നേതാക്കളെ നിങ്ങൾക്കഭിവാദനങ്ങൾ !

**ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേക ശമ്പളസ്കെയിൽ വേണ്ട – പ്രമുഖ അദ്ധ്യാപക സംഘടനകൾ**

1988 ൽ ശമ്പള കമ്മീഷൻ മുമ്പാകെ പലരുടേയും മാതൃ സംഘടനയായ കെ.എ.പി.ടി യൂണിയൻ നൽകിയ രേഖയിലെ ഒരു ഭാഗം ഇവിടെ ചൂണ്ടിക്കാണിക്കട്ടെ

*പ്രമോഷൻ : അദ്ധ്യാപകർക്ക് ഒരോ അഞ്ച് വർഷത്തിലും ഗ്രേഡ് കയറ്റം അനുവദിക്കുക. അവർക്ക് ഇന്നുള്ള ഗ്രേഡ് കയറ്റത്തിന് പുറമേ മൂന്നാമതൊരു ഗ്രേഡ് കയറ്റം കൂടി അനുവദിക്കുകയും വേണം.* (വളരെ നല്ല ആവശ്യം. തുടർന്നുള്ള ഭാഗം ശ്രദ്ധിക്കുക.) '*മൂന്നാമത്തെ ഗ്രേഡിൽ ശമ്പള നിരക്ക് ഹെഡ്മാസ്റ്ററുടെ ലോവർ ഗ്രേഡ് ശമ്പള നിരക്കായിരിക്കണം.*' ഇതിന്റെ അർത്ഥം എന്താണ് ? പ്രൈമറി ഹെഡ്മാസ്റ്ററുടെ സ്കെയിലും സഹാദ്ധ്യാപകന്റെ മൂന്നാമത്തെ ഗ്രേഡ് സ്കെയിലും ഒന്നാകുമ്പോൾ ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേക സ്കെയിൽ ഉണ്ടാകുമോ ? വേണ്ടെന്നല്ലേ കെ.എ.പി.ടി യൂണിയൻ രേഖാമൂലം ആവശ്യപ്പെട്ടിരിക്കുന്നത്. 15 വർഷം സർവ്വീസുള്ള ഒരു സഹാദ്ധ്യാപകന്റെ ശമ്പള സ്കെയിൽ മതിപോലും ഹെഡ്മാസ്റ്റർമാർക്ക് ! (കെ.എ.പി.ടി. യൂണിയൻ പത്രിക 1988 ഡിസംബർ ലക്കം പേജ് 22 മുതൽ 33 വരെ)

ഇനി ഇന്നത്തെ കെ.എസ്.ടി.എയിൽ ലയിച്ച പഴയ കെ.ജി.ടി.എ എന്ന സംഘന 1988ലെ ശമ്പള പരിഷ്ക്കരണ കമ്മീഷൻ മുമ്പാകെ ഹാജരാക്കിയ രേഖയിലെ ചില വരികൾ അതേപടി ഇവിടെ പകർത്തുന്നു.

' *ഉദാഹരണമായി 12 വർഷം സർവ്വീസുള്ള പ്രൈമറി സ്കൂൾ അദ്ധ്യാപകനും ആകെ 12 വർഷം സർവ്വീസുള്ള പ്രൈമറി സ്കൂൾ അദ്ധ്യാപകൻ ഹെഡ്മാസ്റ്റർ ആയെങ്കിൽ അയാൾക്കും ആറ് വർഷം സർവ്വീസുള്ള ഹൈസ്ക്കൂൾ അദ്ധ്യാപകനും ആദ്യമായി സർവ്വീസിൽ കയറുന്ന കോളേജ് ലക്ച്ചറർക്കും ഒരേ ശമ്പളം നൽകേണ്ടതാണ്.*' ( 1988 ജൂൺ ലക്കം അദ്ധ്യാപകലോകം പേജ് 18) എന്തൊരു സോഷ്യലിസം ! 12 വർഷം സർവ്വീസായ ഒരു അദ്ധ്യാപകൻ ഹെഡ്മാസ്റ്ററായി പ്രമോട്ട് ചെയ്യപ്പെടുമ്പോൾ ഒരു പ്രമോഷൻ സ്കെയിൽ കൊടുക്കേണ്ടതില്ലെന്ന് പച്ചയായി എഴുതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ചിരിക്കുന്നു. !!

പഴയ കെ.പി.ടി.യു എന്ന സംഘടന കമ്മീഷനുമുമ്പാകെ സമർപ്പിച്ച രേഖയിലെ ഹെഡ്മാസ്റ്റർമാരെ സംബന്ധിക്കുന്ന ഭാഗം ശ്രദ്ധിക്കുക. " വിദ്യാഭ്യാസ ഡിപ്പാർട്ടുമെന്റിലെ ജീവനക്കാരുടെ ശമ്പള നിർണ്ണയത്തിൽ വിവിധ ഗ്രേഡുകളുടെ സ്കെയിൽ താഴെ സൂചിപ്പിക്കുന്ന വിധം മാറ്റം വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

| | |
|---|---|
| എച്ച്. എസ്.എ സീനിയർ ഗ്രേഡ്<br>പ്രൈമറി എച്ച്. എം. ഗ്രേഡ്<br>പ്രൈമറി അദ്ധ്യാപകന്റെ സെലക്ഷൻ ഗ്രേഡ് | 1450 - 2825 |

പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ഇമ്മിണി വലിയ ഒരു സ്കെയിൽ നൽകണമെന്ന് ആവശ്യപ്പെട്ടതിന് നന്ദി. പക്ഷെ പ്രൈമറി അദ്ധ്യാപകന്റെ സെലക്ഷൻ ഗ്രേഡും പ്രൈമറി ഹെഡ്മാസ്റ്ററുടെ സ്കെയിലും ഒന്നു മതിയെന്ന് രേഖാമൂലം ആവശ്യപ്പെട്ടതിൽ ഏതൊരു ഹെഡ്മാസ്റ്ററാണ് ദു:ഖിക്കാതിരിക്കുക. ചുരുക്കത്തിൽ പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേക ഗ്രേഡോ, പ്രത്യേക സ്കെയിലോ വേണ്ടതില്ലെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. (കെ.പി.ടി.യു സന്ദേശം 1990 ജനുവരി ലക്കം പേജ് 10)

**1988ലെ ശമ്പള പരിഷ്ക്കരണം – കലാശിച്ചതെങ്ങിനെ ?**

ഈ രീതിയിൽ പരസ്പരം പടവെട്ടുന്ന പ്രമുഖ അദ്ധ്യാപക സംഘടനകളെല്ലാം പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ഒരു പ്രത്യേക സ്കെയിൽ ആവശ്യമില്ലെന്ന് രേഖാമൂലം എഴുതി സമർപ്പിച്ച സാഹചര്യം മനസ്സി

ലാക്കിയ കെ.പി.പി.എച്ച്.എ നേതാക്കൾ ഒട്ട് കരുതലോടെയാണ് ശമ്പള കമ്മീഷൻ മുമ്പാകെ നിവേദനവുമായി ഹാജരായത്. കമ്മീഷനിലെ ജഡ്ജി ഇരിക്കാനുള്ള സീറ്റ് ചൂണ്ടിക്കാണിച്ചു. നിങ്ങൾക്ക് 45 മിനിറ്റ് സമയമാണ് അനുവദിച്ചതെന്നും എന്താണ് പ്രധാന ആവശ്യങ്ങൾ എന്നും ചോദിച്ചു. തങ്ങൾക്ക് ഒരൊറ്റ ആവശ്യമേ ഉന്നയിക്കാനുള്ളു എന്നും അത് തങ്ങളുടെ ശമ്പള സ്കെയിലിന്റെ കാര്യമാണെന്നും നേതാക്കൾ മറുപടി പറഞ്ഞു. 'ഇതിന് 45 മിനിറ്റ് വേണ്ടല്ലോ' കമ്മീഷനംഗം മൊഴിഞ്ഞു. പക്ഷെ ഈ ഒരറ്റാവശ്യം സവിസ്തരം പ്രതിപാദിച്ച് കഴിഞ്ഞപ്പോൾ 55 മിനിറ്റ് കഴിഞ്ഞിരുന്നു. റിവൈസ്ഡ് സ്കെയിലിന്റെ നിലവിലുള്ള ഹെഡ്മാസ്റ്റർ സ്കെയിലിന്റെ സമാന്തര സ്കെയിലിന്റെ തൊട്ടടുത്ത ഉയർന്ന സ്കെയിലാണ് നേതാക്കൾ ആവശ്യപ്പെട്ടിരുന്നത്. സർവ്വീസ് ദൈർഘ്യം നോക്കാതെ പ്രമോഷൻ തിയ്യതിക്കു തന്നെ പ്രമോഷൻ സ്കെയിൽ നൽകണമെന്നും ആവശ്യപ്പെടുകയുണ്ടായി. എന്നാൽ ഇത് ഗവൺമെന്റിന്റെ നയപരമായ കാര്യമാണെന്ന് പറഞ്ഞ് തള്ളിയ കമ്മീഷൻ നമ്മുടെ ഹെഡ്മാസ്റ്റർ സ്കെയിലായിരുന്ന 975–1720ന്റെ സമാന്തര സ്കെയിലിന്റെ അടുത്ത ഉയർന്ന സ്കെയിൽ 1330–2555 അനുവദിക്കുകയുണ്ടായി. അങ്ങിനെ ഹെഡ്മാസ്റ്റർമാരെ തരംതാഴ്ത്താൻ ആരൊക്കെ ശ്രമിച്ചുവോ അവരുടെ ശ്രമങ്ങളെയെല്ലാം നിഷ്ഫലമാക്കികൊണ്ട് നാം വിജയക്കൊടി നാട്ടുകതന്നെ ചെയ്തു.

**1992ലെ ആഘാതം**

1–3–92 മുതൽ പ്രാബല്യത്തിൽ വന്ന കേന്ദ്ര ശമ്പള സമീകരണ ഉത്തരവ് പുറത്തുവന്നപ്പോൾ ദൗർഭാഗ്യമെന്നു പറയട്ടെ, ഹെഡ്മാസ്റ്റർമാർക്കുള്ള പ്രത്യേക സ്കെയിൽ നഷ്ടപ്പെട്ട അവസ്ഥയുണ്ടായി. ഈ ആഘാതം പ്രൈമറി ഹെഡ്മാസ്റ്റർമാരെ നടുക്കി കളഞ്ഞു. 1–6–1973 മുതൽ ഒരു സ്പെഷ്യൽ ഗ്രേഡിലുള്ള ശമ്പള സ്കെയിൽ വാങ്ങി വന്ന ഹെഡ്മാസ്റ്റർമാർക്ക് അത് നഷ്ടപ്പെട്ടു എന്ന് വന്നാലുണ്ടാകുന്ന മാനസികാവസ്ഥ വിശദീകരിക്കാൻ വാക്കുകൾ ഇല്ലതന്നെ. പലപ്പോഴായി ഒളിഞ്ഞു തെളിഞ്ഞും ഹെഡ്മാസ്റ്റർമാർക്ക് പ്രത്യേക സ്കെയിൽ വേണ്ടെന്ന് കൽപ്പിച്ചവർ ഏറെ സന്തോഷിക്കുകയും ചെയ്തു.

ഹെഡ്മാസ്റ്റർമാർക്കും സഹ അദ്ധ്യാപകനും ഒരേ ശമ്പളസ്കെയിലാണെങ്കിൽ ഹെഡ്മാസ്റ്റർ എന്ന പദവി നഷ്ടപ്പെടുന്നതായി കരുതണമല്ലോ. ഈ ഗുരുതരമായ പതനത്തിൽ നിന്നും ഹെഡ്മാസ്റ്റർമാരെ കരയറ്റാൻ സാധിക്കുന്നില്ലെങ്കിൽ കെ.പി.പി.എച്ച്.എയുടെ അസ്തിത്വം തന്നെ നഷ്ടപ്പെടുന്ന അവസ്ഥയാണല്ലോ വന്നുചേരുക. രണ്ടും കൽപ്പിച്ച് സമരമുഖത്തേക്ക് ഇരച്ചുകയറുക തന്നെ എന്ന തീരുമാനമായി. ധർണ്ണ, പിക്കറ്റിംഗ്, അറസ്റ്റുവരിക്കൽ, ബഹിഷ്ക്കരണം..... പല അടവുകളും പ്രയോഗിക്കേണ്ടിവന്നു. ക്ലേശങ്ങൾ ഏറെ സഹിച്ചാണെങ്കിലും ഹെഡ്മാസ്റ്റർമാരുടെ പ്രത്യേക സ്കെയിൽ നിലനിർത്താൻ നമുക്ക് സാധിച്ചു.

**ഹയർ ഗ്രേഡ് സമരം**

ഹെഡ്മാസ്റ്റർമാർക്ക് ഒരു ഹയർ ഗ്രേഡ് ആവശ്യപ്പെട്ട് അതിന്റെ പ്രവർത്തനം മുന്നോട്ടു നീക്കിയത് കെ.പി.പി.എച്ച്. എ ആയിരുന്നെങ്കിലും ഗവൺമെന്റ് ഉത്തരവ് പുറത്ത് വന്നപ്പോൾ ഹയർ ഗ്രേഡ് ഹൈസ്ക്കൂൾ ഹെഡ്മാസ്റ്റർമാർക്ക് മാത്രമായി പരിമിതപ്പെടുത്തുകയാണുണ്ടായത്. പ്രൈമറി ഹെഡ്മാസ്റ്റർമാർക്ക് ഹയർ ഗ്രേഡ് നിഷേധിക്കപ്പെട്ടപ്പോൾ സാധാരണ സമര മാർഗ്ഗങ്ങളെല്ലാം അവലംബിച്ചു. എന്നിട്ടും ഫലം കാണാതെ വരികയും ആത്മത്യാഗത്തിന് തയ്യാറായിക്കൊണ്ട് സെക്രട്ടേറിയറ്റ് നടയിൽ അനിശ്ചിത കാല നിരാഹാര സത്യാഗ്രഹം ആരംഭിക്കുകയും ചെയ്തത് സംഘടനാ ചരിത്രത്തിലെ ഉജ്ജ്വലമായ ഒരു ഏടാണ്. രണ്ട് ഘട്ടങ്ങളിലായി ഈ സമരം ഏറെ ദിവസം നീണ്ടു നിന്നു. വിവിധ സർവ്വീസ് സംഘടനകളുടെ പ്രതിനിധികൾ സമൂഹത്തിന്റെ പലതുറകളിലും പെട്ടവർ എന്നിങ്ങനെ നിരവധി പേർ സമരപ്പന്തലിൽ എത്തുകയും അഭിവാദ്യങ്ങൾ അർപ്പിക്കുകയും ഉണ്ടായി. എന്നാൽ ഹെഡ്മാസ്റ്റർമാരെ കൂടി ഉൾക്കൊള്ളുന്നു എന്ന് ഊറ്റം കൊണ്ടിരുന്ന അദ്ധ്യാപക സംഘടനകളിലെ ഒരു നേതാവ് പോലും സമരപന്തലിലേക്ക് തിരിഞ്ഞുനോക്കുകയുണ്ടായില്ല. മാത്രമല്ല ഹയർ ഗ്രേഡ് കിട്ടാനേ പോകുന്നില്ല എന്ന ദുഷ്പ്രചരണം നടത്തി സത്യാഗ്രഹ സമരത്തെ തളർത്താനാണ് ഇക്കൂട്ടർ ശ്രമിച്ചത്. പക്ഷെ വീരേതിഹാസം രചിച്ചു കൊണ്ട് നാം ഒറ്റക്കുതന്നെ ഹയർഗ്രേഡ് നേടിയെടുത്തു. പിന്നീട് രണ്ടാം ഹയർഗ്രേഡും കരസ്ഥമാക്കി.

**ആർജ്ജിതാവധി**

വെക്കേഷൻ കാലത്ത് ജോലി ചെയ്യാൻ ബാദ്ധ്യതയുള്ള ഹെഡ്മാസ്റ്റർമാരെ നോൺ വെക്കേഷൻ സ്റ്റാഫ് വിഭാഗത്തിൽ ഉൾപ്പെടുത്തി കിട്ടാനും ആർജ്ജിതാവധി (earned leave) അനുവദിച്ച് കിട്ടാനും പരിശ്രമിച്ചത് കെ.പി.പി.എച്ച്. എ അല്ലാതെ മറ്റാരുമല്ലായിരുന്നു.

**ടി. എ . പ്രശ്നം**

എട്ട് കിലോമീറ്ററിൽ കൂടുതൽ ഔദ്യോഗികയാത്ര ചെയ്യേണ്ടി വരുന്ന ഏത് ഉദ്യോഗസ്ഥനും യാത്രാ ചിലവ് സ്വന്തം പോക്കറ്റിൽ നിന്നും എടുക്കേണ്ടതില്ല. പക്ഷെ കെ.ഇ.ആറിലെ ഒരു വകുപ്പ് ചൂണ്ടിക്കാണിച്ചു കൊണ്ട് ഏറെക്കാലം ഹെഡ്മാസ്റ്റർമാർക്ക് യാത്രാ ബത്ത നിഷേധിച്ചിരുന്നു. നമ്മുടെ നിരന്തരമായ പരിശ്രമത്തിന്റെ ഫലമായി മാസം പ്രതി രണ്ട് ടി.എ നേടിയെടുക്കാൻകഴിഞ്ഞു.

**ലീവും ഇൻക്രിമെന്റും**

സഹാദ്ധ്യാപകരുടേയും പ്യൂണിന്റെയും ഇൻക്രിമെന്റും ലീവും പാസാക്കുന്നതിനുള്ള അധികാരം നാം നേടിയെടുത്തതോടുകൂടി സർവ്വീസ് ബുക്കിന്റെ കെട്ടും ചുമന്ന് ഉപജില്ലാവിദ്യാഭ്യാസ ഓഫീസിലേക്കുള്ള യാത്ര പഴം കഥയായി മാറി. യഥാർത്ഥത്തിൽ ഇതിന്റെ ഗുണം സഹാദ്ധ്യാപകർക്കാണെങ്കിലും ഇതിനുള്ള ഉത്തരവ് നേടിയെടുക്കാൻ മറ്റ് സംഘടനകൾ യാതൊരു പങ്കും വഹിച്ചിരുന്നില്ലെന്നത് ഇവിടെ സ്മരണീയമാണ്.

**ഓഡിറ്റ് ഒബ്ജക്ഷനും റീഓപ്ഷനുകളും**

അദ്ധ്യാപകരുടെ ഓഡിറ്റ് തടസ്സങ്ങൾ പരിഹരിക്കാൻ സർക്കാർ സംഘടിപ്പിച്ച ഓഡിറ്റ് ഒബ്ജക്ഷൻ ക്ലിയറൻസ് കമ്മിറ്റി യോഗങ്ങളിൽ കെ.പി.പി.എച്ച്. എ പ്രതിനിധികൾ വീഴ്ച്ച കൂടാതെ പങ്കെടുത്ത് നിരവധി ഗവൺമെന്റ് ഉത്തരവുകൾ നേടിയതിന്റെ ഫലമായിട്ടാണ് നൂറുകണക്കിന് അദ്ധ്യാപകരുടെ ഓഡിറ്റ് തടസ്സങ്ങളുടെ കുരുക്കഴിച്ചെടുക്കാൻ കഴിഞ്ഞിട്ടുള്ളത്. അതുപോലെ 1973 – 78 കാലത്തെ ശമ്പള നിർണ്ണയങ്ങളിൽ വന്നുപെട്ട നഷ്ടം നികത്താൻ നീണ്ട വർഷങ്ങളുടെ ശ്രമഫലമായി 1984–85 കാലഘട്ടങ്ങളിൽ റീഓപ്ഷനുള്ള സർക്കാർ ഉത്തരവുകൾ നാം കരസ്ഥമാക്കി.

**റൂൾ 45 സി**

കെ.പി.പി.എച്ച്.എ യുടെ ചരിത്രത്തിലെ ഒരു ദുരന്ത സംഭവമായിരുന്നു കോടതി വിധിമൂലം ടെസ്റ്റ് പാസാകാത്തതിന്റെ പേരിൽ നൂറ് കണക്കിന് ഹെഡ്മാസ്റ്റർമാർ തരം താഴ്ത്തപ്പെട്ടു എന്നത്. അംഗബലം കൊണ്ട് ഒരു ചെറിയ സംഘടനയാണെങ്കിലും നമ്മുടെ അംഗങ്ങളെ രക്ഷിക്കാൻ ഹൈക്കോടതിയിലും സുപ്രീം കോടതിയിലും നിയമയുദ്ധം നടത്താൻ നമുക്ക് സാധിച്ചു. വിധി നമുക്കനുകൂലമായിരുന്നില്ല. പക്ഷെ കെ.എസ്.ആറിലെ ഒരു വകുപ്പ് ആയുധമാക്കി ഉപയോഗപ്പെടുത്തി പുതുതായി ഒരു റൂൾ കെ.ഇ.ആർ അദ്ധ്യായം 14 എ യിൽ കൂട്ടിചേർപ്പിക്കാൻ നമുക്ക് സാധിച്ചു. അതാണ് ഇന്നും പലരുടേയും രക്ഷാകവചമായി തുടരുന്ന റൂൾ 45 സി.

**വ്യക്തിഗത പ്രശ്നങ്ങൾ**

വ്യക്തിഗത പ്രശ്നങ്ങൾ പരിഹരിച്ചെടുക്കുന്ന കാര്യത്തിലും കെ.പി.പി.എച്ച്.എയെ വെല്ലാൻ മറ്റ് സംഘടനകൾക്ക് കഴിയില്ല. ഇതിനൊരു ഉദാഹരണമാണ് വഹാബ് മാസ്റ്ററുടെ പ്രശ്നം. കോഴിക്കോട് സിറ്റി സബ്ബ് ജില്ലയിലെ ഹെഡ്മാസ്റ്ററായിരുന്ന ശ്രീ. സി.എം.എ വഹാബിന്റെ സ്കൂൾ അബോളിഷ് ചെയ്തപ്പോൾ അദ്ദേഹത്തെ സഹാദ്ധ്യാപകനായി തരം താഴ്ത്തിയാണ് ഡി.ഡി.ഇ ഉത്തരവിട്ടത്. ഇതിനെതിരായി ഡി.ഡി. ഓഫീസ് പടിക്കൽ ഏറെ ദിവസം റിലേ നിരാഹാര സത്യാഗ്രഹം നടത്തിക്കൊണ്ട് ഗവൺമെന്റിൽ നിന്നും അനുകൂലമായ ഉത്തരവിന് ശ്രമിച്ചു. എല്ലാം നിഷ്ഫലമായപ്പോൾ കെ.പി.പി.എച്ച്.എ ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്ത് അനുകൂലവിധി വാങ്ങി അദ്ദേഹത്തെ ഹെഡ്മാസ്റ്ററായി തന്നെ സർവ്വീസിൽ പ്രവേശിപ്പിച്ചു. 1986 ഏപ്രിൽ മുതൽ 30 മാസക്കാലം ശമ്പളമില്ലാതെ പുറത്ത് നിന്നപ്പോൾ ആറേഴ് അംഗങ്ങളടങ്ങിയ അദ്ദേഹത്തിന്റെ കുടുംബത്തെ സംരക്ഷിക്കാൻ ആവശ്യമായ തുക പിരിച്ച് കൊടുക്കാനും ചെറിയ സംഘടനയായിട്ടും നമുക്ക് സാധിച്ചു. അംഗങ്ങളെല്ലാം ഒരു കുടുംബത്തിലെ അംഗങ്ങളാണെന്ന ധാരണയും ഉയർന്ന സംഘടനാ ബോധവും ഉള്ളതുകൊണ്ടാണ് നമുക്കിതിനെല്ലാം കഴിഞ്ഞിട്ടുള്ളത്.

പഠന ക്ലാസ്സുകളിലൂടെ അറിവ് നേടിക്കൊണ്ടും ഉന്നതമായ സംഘടനാബോധം ആർജ്ജിച്ചുകൊണ്ടും കാലഘട്ടമുയർത്തുന്ന വെല്ലുവിളികളെ നേരിടാനും വെന്നിക്കൊടി പാറിക്കാനും നമുക്ക് കഴിഞ്ഞിട്ടുണ്ട് എന്നാണ് സംഘടനാ ചരിത്രം നമ്മെ പഠിപ്പിക്കുന്നത്. പൂർവ്വസൂരികൾ കാണിച്ചു തന്ന മഹത്തായ പാതയിലൂടെ ഉത്തരോത്തരം മുന്നേറാൻ കെ.പി.പി.എച്ച്.എയക്ക് കഴിയട്ടെ.................